**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1248 10.08.2017 ൽ മറുപടിയ്ക്ക്

# വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ്<br>മന്ത്രി |
| (എ) വില്ലേജ് ഓഫീസുകളിൽ നിന്നും ഏതെല്ലാം സേവനങ്ങളാണ് ഇപ്പോൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) **ഇ-ഡിസ്ട്രിക്ട്** - ലാന്റ് റവന്യൂ വകുപ്പിൽ നിന്നും നൽകി വരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈൻ ആയി നൽകി വരുന്നു.<br>**സംയോജിത ഓൺലൈൻ പോക്കുവരവ്** - ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ വെബ് സർവീസ് മുഖേന പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു.<br>**ഇ പെയ്മെന്റ്** - സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഓൺലൈൻ വഴി ഭൂനികുതി ഒടുക്കുന്നതിനുള്ള ഇ പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഓൺലൈനായി അപേക്ഷ സമർപ്പിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ എത്ര ദിവസം കാലതാമസം വരുമെന്ന് വിശദമാക്കുമോ; | (ബി) കേരള സംസ്ഥാന സേവനാവകാശ നിയമം 2012 അനുശാസിക്കുന്ന സമയപരിധി പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. വിശദ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (സി) ഇപ്പോൾ ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകളുടെ കാലാവധി പുന:ക്രമീകരിച്ചിട്ടുണ്ടോ; | (സി) ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നത് പ്രത്യേകാവശ്യത്തിന് എന്ന വ്യവസ്ഥ റദ്ദാക്കി ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് 3 വർഷം എന്ന് ഭേദഗതി വരുത്തി സ.ഉ.(കൈ) നം.264/2017/ആർ.ഡി. തീയതി 04.08.2017 പ്രകാരം ഉത്തരവായിട്ടുണ്ട്.<br>മറ്റ് സർട്ടിഫിക്കറ്റുകളുടെ കാലാവധി പുനർക്രമീകരിച്ചിട്ടില്ല. |

| | | |
|---|---|---|
| (ഡി) | എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | സ.ഉ.(കൈ) നം.264/2017/ആർ.ഡി. തീയതി 04.08.2017 ന്റെ പകർപ്പ് അനുബന്ധം -II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

| നം | സർട്ടിഫിക്കറ്റ് | സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധി |
|---|---|---|
| 1 | ജാതി സർട്ടിഫിക്കറ്റ് | ജാതി സംബന്ധിച്ച് സംശയം ഇല്ലാത്ത കേസുകളിൽ മൂന്ന് ദിവസത്തിനകം (പട്ടികജാതി/ പട്ടികവർഗം ഒഴികെ) |
| 2 | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് | മൂന്ന് ദിവസത്തിനകം |
| 3 | ബന്ധുത്വ സർട്ടിഫിക്കറ്റ് | ആറ് ദിവസത്തിനകം |
| 4 | നേറ്റിവിറ്റി സർട്ടിഫിക്കറ്റ് | അഞ്ച് ദിവസത്തിനകം |
| 5 | ഡൊമിസൈൽ സർട്ടിഫിക്കറ്റ് | മൂന്ന് ദിവസത്തിനകം |
| 6 | വരുമാന സർട്ടിഫിക്കറ്റ് | ആറ് ദിവസത്തിനകം |
| 7 | കൈവശാവകാശ സർട്ടിഫിക്കറ്റ് | ഏഴ് ദിവസത്തിനകം |
| 8 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | അഞ്ച് ദിവസത്തിനകം |
| 9 | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് | ഗസറ്റ് വിജ്ഞാപനം വന്ന് ആക്ഷേപം ഉന്നയിക്കുന്നതിനുള്ള സമയപരിധിയായ 30 ദിവസം കഴിഞ്ഞ് 15 ദിവസത്തിനകം |
| 10 | സോൾവൻസി സർട്ടിഫിക്കറ്റ് | പതിനഞ്ച് ദിവസത്തിനകം |
| 11 | ലോക്കേഷൻ സർട്ടിഫിക്കറ്റ് | അഞ്ച് ദിവസത്തിനകം |
| 12 | കൺവെർഷൻ സർട്ടിഫിക്കറ്റ് | ഏഴ് ദിവസത്തിനകം |
| 13 | ഡിപ്പന്റൻസി സർട്ടിഫിക്കറ്റ് | ഏഴ് ദിവസത്തിനകം |
| 14 | അഗതി സർട്ടിഫിക്കറ്റ് | അഞ്ച് ദിവസത്തിനകം |
| 15 | കുടുംബാംഗത്വ സർട്ടിഫിക്കറ്റ് | ആറ് ദിവസത്തിനകം |
| 16 | മിശ്ര വിവാഹ സർട്ടിഫിക്കറ്റ് | ഏഴ് ദിവസത്തിനകം |
| 17 | നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ് | അഞ്ച് ദിവസത്തിനകം |
| 18 | ലൈഫ് സർട്ടിഫിക്കറ്റ് | അഞ്ച് ദിവസത്തിനകം |
| 19 | വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ് | അഞ്ച് ദിവസത്തിനകം |
| 20 | പൊസഷൻ ആന്റ് നോൺ അറ്റാച്ച് മെന്റ് സർട്ടിഫിക്കറ്റ് | ഏഴ് ദിവസത്തിനകം |
| 21 | വാല്വേഷൻ സർട്ടിഫിക്കറ്റ് | പതിനഞ്ച് ദിവസത്തിനകം |
| 22 | വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്ർ | അഞ്ച് ദിവസത്തിനകം |
| 23 | മൈനോരിറ്റി സർട്ടിഫിക്കറ്റ് | നിയമത്തിൽ നിശ്ചയിച്ചിട്ടില്ല |

മറ്റു നിയമം/ ചട്ടം ബാധകമായവ

| | | |
|---|---|---|
| 24 | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് | Kerala (Scheduled Castes & Scheduled Tribes Regulation of Issue of Community Certificate Rules -2002 ചട്ടം 4(1) പ്രകാരം അപേക്ഷ ലഭിച്ച് 7 ദിവസങ്ങൾക്കുള്ളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ജാതി തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>പ്രസ്തുത വിഭാഗക്കാർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് സാധാരണഗതിയിൽ കാലതാമസമുണ്ടാകാറില്ല. താൻ പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കേണ്ട ബാധ്യത (Burden of Proof) അപേക്ഷകന്റെയാണെന്ന് Kerala (SC&ST) Regulation of Issue of Community Certificate Act 1996, സെക്ഷൻ 10 - ൽ പറയുന്നുണ്ട്. അപേക്ഷകൻ ആവശ്യമായ രേഖകൾ സമർപ്പിക്കാതിരിക്കുന്ന സന്ദർഭങ്ങളിലും സംശയം തോന്നുന്ന കേസുകളിലും മാത്രമേ സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം ഉണ്ടാകാറുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം – II

കേരള സർക്കാർ

സംഗ്രഹം

വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ. ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്കു സാധുതാകാലയളവ് നിശ്ചയിച്ചുത്തരവായത് - ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നത് പ്രത്യേകാവശ്യത്തിന് എന്നതു പുനഃനിശ്ചയിച്ച് ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് 3 വർഷം എന്ന് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ ( റ്റി) വകുപ്പ്

സ.ഉ(കൈ).നം. 264/2017/ആർ.ഡി. തീയതി, തിരുവനന്തപുരം, 04.08.2017

പരാമർശം: 1) സർക്കാർ ഉത്തരവ് (കൈ)നമ്പർ 136/2007/ആർ.ഡി. തീയതി 27/04/2007.
2) സർക്കാർ ഉത്തരവ് (കൈ)നമ്പർ 351/2007/ആർ.ഡി. തീയതി 01/10/2007.
3) സർക്കാർ ഉത്തരവ് (കൈ)നമ്പർ 318/2008/റവന്യൂ തീയതി 23/09/2008.

**ഉത്തരവ്**

വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ.ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഒരു പ്രാവശ്യം ഒരാവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. പൊതുജനങ്ങൾക്ക് ഇതുമൂലം പലപ്രാവശ്യം വില്ലേജ്/താലൂക്ക് ഓഫീസുകളുമായി ബന്ധപ്പെടേണ്ടിവന്നിരുന്നു. ഇത്, ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അതിനെതുടർന്ന് പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ. ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുനഃക്രമീകരിച്ചും ഉത്തരവാകുകയുണ്ടായി. ടി സർക്കാർ ഉത്തരവ് സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില സ്പഷ്ടീകരണങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ച് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2) പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ജാതി സർട്ടിഫിക്കറ്റുകൾക്ക് കോടതി വിധി മൂലം മറിച്ച് തീരുമാനം ഇല്ലാത്തപക്ഷം 10 വർഷം സാധുതാകാലയളവ് നിശ്ചയിച്ചിരുന്നു. ജാതി സർട്ടിഫിക്കറ്റിന് 10 വർഷത്തെ കാലാവധി നിശ്ചയിച്ചത് ദുരുപയോഗപ്പെടുത്തുന്നതായി സർക്കാരിന് വിവിധ സംഘടനകളിൽ നിന്നും ലഭിച്ച നിവേദനങ്ങളിൽ ജാതി സർട്ടിഫിക്കറ്റിന്റെ കാലപരിധി 10 വർഷമായി നിശ്ചയിച്ചിട്ടുള്ളത് റദ്ദ് ചെയ്യുന്നതിനും, ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പുണ്ടായിരുന്ന സമ്പ്രദായം (അതായത്, പ്രത്യേക ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതിന്) തുടരുന്നതിനും അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റുകൾക്ക് 10 വർഷം കാലപരിധി ഉണ്ടായിരിക്കുന്നതല്ല എന്നും സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനു വേണ്ടി മാത്രം നൽകുന്നതാണ് എന്നും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

3) ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് നിശ്ചയിക്കുന്ന കാര്യം ഒരു പ്രത്യേക കേസായി സർക്കാർ പുനഃപരിശോധിച്ചു. വില്ലേജ് ഓഫീസർമാരും തഹസിൽദാർമാരും നൽകുന്ന ജാതി സർട്ടിഫിക്കറ്റുകൾ പ്രത്യേകാവശ്യത്തിന് മാത്രം എന്ന വ്യവസ്ഥ റദ്ദാക്കി എല്ലാ ജാതി സർട്ടിഫിക്കറ്റുകളുടെയും സാധുതാകാലയളവ് ഇനിമേൽ 3 വർഷം എന്ന് പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

പരാമർശം (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവുകൾക്ക് മേൽ ഭേദഗതി ബാധകമായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും, തഹസിൽദാർമാർക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വിവര-പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ (മാധ്യമങ്ങൾക്ക് നൽകുന്നതിന്)
ധനകാര്യ/നിയമ വകുപ്പ് ഉൾപ്പെടെ സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
മന്ത്രിമാർ, പ്രതിപക്ഷനേതാവ്, സർക്കാർ ചീഫ് വിപ്പ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പൊതുഭരണ(എസ്.സി.)വകുപ്പ് ( 02.08.2017 തീയതിയിലെ ഇനം നമ്പർ 1275 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ ഡിവിഷൻ) ഐ& പി.ആർ. ഡിപ്പാർട്ട്മെന്റ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ.